"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ്- തൊടുപുഴ നഗരസഭയിൽ സീനിയർ ക്ലാർക്ക് തസ്തികയിൽ വിരമിച്ച (അന്തരിച്ച) മൈക്കിൾ.സി.ഐ യുടെ കുടുംബ പെൻഷൻ ടിയാന്റെ ശാരീരിക വെല്ലുവിളി നേരിടുന്ന മകൾ കുമാരി. ബ്ലെസ്സിയ മൈക്കിളിന് അനുവദിക്കുന്നതിന് അനുമതി നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഇയു) വകുപ്പ്**

സ.ഉ.(സാധാ) നം.2572/2025/LSGD തീയതി,തിരുവനന്തപുരം, 24-10-2025

---

പരാമർശം:-

1. 17.01.2025 തീയതിയായി ശ്രീമതി. മെർലിൻ മാത്യു സമർപ്പിച്ച അപേക്ഷ
2. പ്രിൻസിപ്പൽ ഡയറക്ടറുടെ 01.07.2025 ലെ LSGD/PD/16756/2025-PENA5 നമ്പർ കത്ത്

**ഉത്തരവ്**

തൊടുപുഴ നഗരസഭയിൽ സീനിയർ ക്ലാർക്ക് തസ്തികയിൽ വിരമിച്ച (അന്തരിച്ച) മൈക്കിൾ.സി.ഐ യുടെ കുടുംബ പെൻഷൻ ടിയാന്റെ ശാരീരിക വെല്ലുവിളി നേരിടുന്ന മകൾ കുമാരി. ബ്ലെസ്സിയ മൈക്കിളിന് അനുവദിക്കണമെന്ന ആവശ്യവുമായി ടിയാളുടെ ലോക്കൽ ഗാർഡിയനായ ശ്രീമതി. മെർലിൻ മാത്യു പരാമർശം (1) പ്രകാരം സമർപ്പിച്ച അപേക്ഷയും അനുബന്ധ രേഖകളും പ്രിൻസിപ്പൽ ഡയറക്ടർ പരാമർശം (2) പ്രകാരം ലഭ്യമാക്കിയിരിക്കുന്നു.

2. സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചു. കുടുംബ പെൻഷണറായിരുന്ന മാതാവ് 11.12.2023-ൽ മരണപ്പെട്ട് നിർദിഷ്ട സമയപരിധിയായ 3 വർഷത്തിനുള്ളിൽ യോഗ്യത സർട്ടിഫിക്കറ്റ് സഹിതം അപേക്ഷ ലഭ്യമാക്കിയിട്ടുള്ളതും ഹാജരാക്കിയിട്ടുള്ള UDID Card പ്രകാരം കുമാരി. ബ്ലെസ്സിയ മൈക്കിളിന് 85% Intellectual Disability (Permanent) ആയതിനാലും ടിയാളുടെ കുടുംബ വാർഷിക വരുമാനമായ 45,200/- രൂപ ഭിന്നശേഷിക്കാർക്ക് കുടുംബ പെൻഷൻ അനുവദിക്കുന്നതിനുള്ള വരുമാനപരിധിയ്ക്കുള്ളിലുമായ സാഹചര്യത്തിൽ കുമാരി. ബ്ലെസ്സിയ മൈക്കിളിന്, പിതാവിന്റെ കുടുംബ പെൻഷൻ, ഗാർഡിയനായ ശ്രീമതി. മെർലിൻ മാത്യു മുഖേന 01.01.2024 തീയതി പ്രാബല്യത്തിൽ അനുവദിക്കുന്നതിനുള്ള അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

LALI K

ജോയിന്റ് സെക്രട്ടറി

1. പ്രിൻസിപ്പൽ ഡയറക്ടർ, എൽ.എസ്.ജി.ഡി, തിരുവനന്തപുരം

2. ശ്രീമതി. മെർലിൻ മാത്യു (ലീഗൽ ഗാർഡിയൻ ഓഫ് ബ്ലെസ്സിയ മൈക്കിൾ), മാന്തോട്ടത്തിൽ (H), കുവക്കണ്ടം പി ഒ, ഇടുക്കി (പ്രിൻസിപ്പൽ ഡയറക്ടർ മുഖേന)

3. ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം

4. ഡയറക്ടർ, ട്രഷറി വകുപ്പ്

5. എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം

6. കരുതൽ ഫയൽ/ ഓഫീസ് പകർപ്പ്

ഉത്തരവിൻ പ്രകാരം

Signed by
Sonu Jacob
Date: 24-10-2025 17:03:41

സെക്ഷൻ ഓഫീസർ